

എച്ച് കെ രാജശേഖർ

അഭിമുഖം | പൂജാ വിജയൻ

# “സമാന്തര ചിത്രങ്ങളിലേക്ക് മാത്രം ഒതുങ്ങാൻ ആഗ്രഹിക്കുന്നില്ല”

*വേറിട്ട വേഷങ്ങൾക്കായുള്ള അന്വേഷണത്തിലാണ് പൂജാ വിജയൻ. സമാന്തര ചിത്രങ്ങളായ ബോധിയിലും പ്രിയനന്ദനന്റെ ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്കിലും വേഷമിടുന്ന അവർ തമിഴിൽ ഗരുഡപാർവൈയിലും നന്ദയുടെ പേരിടാത്ത ചിത്രത്തിലും നായികയാണ്. ജെ ബിന്ദുരാജുമായുള്ള സംഭാഷണം:*

*രണ്ട് സമാന്തര ചിത്രങ്ങൾ?*

ചണ്ഡാലഭിക്ഷുകിയെ അധികരിച്ച് നാടക പ്രവർത്തകനായ അജയൻ സംവിധാനം ചെയ്ത ബോധിയിൽ അഭിനയസാധ്യത ഏറെയായിരുന്നു. പ്രിയനന്ദനന്റെ ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക് എന്ന ചിത്രത്തിലും ക്ഷണിച്ചിട്ടുണ്ട്. കാവ്യാ മാധവനാണ് പ്രധാന വേഷത്തിൽ. പക്ഷേ സമാന്തര ചിത്രങ്ങളിൽ മാത്രമല്ല വേഷമിടുന്നത്. ചന്ദ്രമോഹന്റെ സുന്ദര കല്യാണത്തിൽ ആൺകുട്ടികളുമായി സൗഹൃദം പുലർത്തുന്ന തെറിച്ച പെൺകുട്ടിയുടെ വേഷത്തിലാണ് ഞാൻ. ഉബൈദ് ഖാൻ ആണ് നായകൻ. ചന്ദ്രമോഹന്റെ തന്നെ തമിഴ് ചിത്രമായ *പൊള്ളാച്ചി ചന്തയില്* എന്ന ചിത്രത്തിലും നായിക വേഷമാണുള്ളത്.

*പക്ഷേ ആദ്യ തമിഴ് ചിത്രമായ മധ്യചെന്നൈയിൽ മുഴുനീള വേഷമായിരുന്നില്ല.*

സിനിമയ്ക്കുള്ളിലെ സിനിമയിലെ നായികയുടെ റോളിലായിരുന്നു ഞാൻ. ആ സിനിമയിലെ നൃത്തരംഗം ശ്രദ്ധിക്കപ്പെട്ടു. ഭാരതിരാജയുടെ അസിസ്റ്റന്റായിരുന്ന വിവേകാനന്ദൻ സംവിധാനം ചെയ്യുന്ന *ഗരുഡപാർവൈയിൽ* മുഴുനീള വേഷമാണ് എനിക്ക്. ഒരൊറ്റ രാത്രിയിൽ സംഭവിക്കുന്ന കാര്യങ്ങളാണ് ചിത്രത്തിലുടനീളം. ചെയ്യാത്ത ഒരു കൊലപാതകത്തിന്റെ പേരിൽ പോലീസിനാൽ സംശയിക്കപ്പെടുന്ന പെൺകുട്ടിയുടെ വേഷമാണ് എനിക്ക് അതിലുള്ളത്. ശരിക്കും ഒരു സസ്പെൻസ് ത്രില്ലർ.

*മോഹിനിയാട്ടം ബിരുദധാരി പൂർണമായും സിനിമയിലേക്ക് ഇറങ്ങുകയാണെന്നാണോ?*

സിനിമയിൽ പരമാവധി തുടരാനാകുക 30 വയസ്സിൽ താഴെ വരെ മാത്രമായിരിക്കും. പക്ഷേ അഭിനയത്തോട് താൽപര്യമേറെയുള്ളതുകൊണ്ട് ആ സമയം പരമാവധി ഉപയോഗപ്പെടുത്താമെന്ന് ഞാൻ കരുതുന്നു. ഇപ്പോൾ തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിൽ തിയേറ്റർ കോഴ്സിന് ചേർന്നിരിക്കുകയാണ് ഞാൻ. അതിനിടെ പല വേദികളിലും മോഹിനിയാട്ടം ഞാൻ അവതരിപ്പിച്ചു കഴിഞ്ഞു. തൃശൂരിൽ എന്റെ കീഴിൽ നിരവധി പേർ മോഹിനിയാട്ടം പഠിക്കാനുമെത്തുന്നുണ്ട്.